# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286 11.12.2018 ൽ മറുപടിയ്ക്ക്

## സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർ

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി<br>,, എം.ഉമ്മർ<br>,, ടി.എ.അഹമ്മദ് കബീർ<br>,, എൻ. ഷംസുദ്ദീൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാരുടെ കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | സ്കൂൾ വാഹനങ്ങളിൽ ഡ്രൈവർമാരെ നിയമിക്കുന്നത് സംബന്ധിച്ച് 10/05/2012 ലെ ജി.ഒ.(പി) 25/2012/ഗതാ. നമ്പർ സർക്കാർ ഉത്തരവു പ്രകാരമുള്ള മാനദണ്ഡങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് 10 വർഷത്തെ ഡ്രൈവിംഗ് പരിചയം ആവശ്യമാണ്. ഇതിൽ 5 വർഷമെങ്കിലും ഹെവി വാഹനങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ടായിരിക്കണം. ഒരു തവണയെങ്കിലും മദ്യപിച്ച വാഹനമോടിച്ചതിനോ അമിതവേഗതയിലോ അപകടകരമായ രീതിയിൽ വാഹനമോടിച്ചതിനോ പിഴയടച്ചവരും സ്കൂൾ വാഹനം ഓടിക്കാൻ അർഹരല്ല. Red light jumping, lane traffic violation അയോഗ്യരായ ആളുകളെ വാഹനം ഓടിക്കാൻ അനുവദിക്കുക എന്നീ കുറ്റങ്ങൾ ഒരു വർഷത്തിൽ തന്നെ രണ്ടിലധികം പ്രാവശ്യം ആവർത്തിച്ചവരും സ്കൂൾ വാഹനങ്ങൾ ഓടിക്കുവാൻ യോഗ്യരല്ല. |
| (ബി) | 10.05.2012-ലെ സ.ഉ.(പി) 25/12/ഗതാ നമ്പർ വിജ്ഞാപന പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടാണോ ഡ്രൈവർമാരെ നിയമിച്ചിട്ടുള്ളത് എന്ന് പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; ഇത് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; | (ബി) | പ്രസ്തുത നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്നറിയുന്നതിനായി സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നവരുടെ ലൈസൻസ് പരിശോധനാ വിധേയമാക്കി നിബന്ധനകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | ഈ അദ്ധ്യയന വർഷം പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്ത ഡ്രൈവർമാർക്കെതിരെ കേസെടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | മേൽ പറയപ്പെട്ട മാനദണ്ഡങ്ങൾ പാലിക്കാത്ത ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദു ചെയ്യുന്നത് അടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മേൽ പറയപ്പെട്ട യോഗ്യതയുള്ളവരെ മാത്രം നിയമിക്കണമെന്നും അയോഗ്യത കാണപ്പെട്ടാൽ അവരെ നീക്കം ചെയ്യണമെന്നും സ്കൂൾ അധികൃതരോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ